പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 429 19.03.2013 ൽ മറുപടിക്ക്

## പുതിയ സെക്ഷൻ ഓഫീസ് സ്ഥാപിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ. എം. ആരിഫ് | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ മന്ത്രി) |
| (എ) വൈദ്യുതി ബോർഡിൽ ഉപഭോക്താക്കളും സെക്ഷൻ ഓഫീസുകളും തമ്മിലുള്ള അനുപാതം എത്രയാണെന്ന് വ്യക്തമാക്കുമോ ; | (എ) ഉപഭോക്താക്കളും സെക്ഷൻ ഓഫീസുകളും തമ്മിൽ നിശ്ചിതമായ അനുപാതം ഇല്ല. ഉപഭോക്താക്കളുടെ എണ്ണം, സെക്ഷന്റെ വിസ്തൃതി, ഭൂപ്രകൃതി, മറ്റു പ്രത്യേകതകൾ എന്നിവ പരിഗണിച്ചാണ് ഇലക്ട്രിക്കൽ സെക്ഷനുകൾ വിഭജിക്കുന്നത്. 25,000 ൽ കൂടുതൽ ഉപഭോക്താക്കളുള്ളതോ, 20,000 ൽ കൂടുതൽ ഉപഭോക്താക്കളു ള്ളതും 100 ചതുരശ്ര കിലോമീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ളതുമായ സെക്ഷനുകൾ വിഭജിക്കുന്നതിന് മുൻഗണന നൽകാറുണ്ട്. |
| (ബി) അരൂർ സെക്ഷൻ ഓഫീസിനു കീഴിൽ എത്ര ഉപഭോക്താക്കളാണുള്ളത് ; ഏതെല്ലാം പഞ്ചായത്തുകളിൽ നിന്നുള്ളവരാണ് പ്രസ്തുത ഉപഭോക്താക്കൾ എന്നറിയിക്കുമോ ; | (ബി) 21,379 ഉപഭോക്താക്കൾ. അരൂർ ഗ്രാമപഞ്ചായത്തിലെ മുഴുവൻ ഉപഭോക്താക്കളും എഴുപുന്ന ഗ്രാമപഞ്ചായത്തിലെ പകുതിയിലേറെ ഉപഭോക്താക്കളും ടി സെക്ഷന്റെ പരിധിയിൽപ്പെടുന്നു. |
| (സി) അരൂർ സെക്ഷൻ ഓഫീസ് വിഭജിച്ച് എഴുപുന്ന കേന്ദ്രമാക്കി ഒരു സെക്ഷൻ ഓഫീസ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (സി) ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ